ഉത്തരം

(എ) ഉണ്ട്.

(ബി) അംഗീകരിച്ച പദ്ധതികൾക്ക് 5-11-2003-ൽ 150.25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ 50 ശതമാനം പണി ഇതിനകം തീർത്തിട്ടുണ്ട്.

മാവൂർ ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതി

40 [203] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ ഗ്രാമപഞ്ചായത്തിലെ (കോഴിക്കോട് ജില്ല) 13-ാം വാർഡിലെ പാടത്തുംകണ്ടി കോളനി കുടിവെള്ള പദ്ധതി പൂർത്തിയായിട്ടുണ്ടോ;

(ബി) ഈ പദ്ധതി ഗുണഭോക്താക്കൾക്ക് തുറന്നു കൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ കീഴിൽ എത്ര ടാപ്പ് അനുവദിച്ചിട്ടുണ്ട്; എത്ര പേർക്ക് ഇതിന്റെ ഗുണഫലം ലഭിക്കുന്നുണ്ട് എന്നു വ്യക്തമാക്കാമോ;

(ഡി) കൂടുതലായി 15 ടാപ്പുകൾ കൂടി അനുവദിക്കണമെന്ന് ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഈ ആവശ്യം പരിഗണിച്ച് കൈക്കൊണ്ട നടപടി വിശദമാക്കാമോ;

(എഫ്) പുതിയ ടാപ്പുകൾ അനുവദിച്ചിട്ടില്ലെങ്കിൽ എന്നത്തേക്ക് അനുവദിക്കും എന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. 2003 സെപ്റ്റംബർ മാസം മുതൽ.

(സി) 22 ടാപ്പുകൾ അനുവദിച്ചിട്ടുണ്ട്. ഏകദേശം 250 പേർക്ക് ഇതിന്റെ ഗുണഫലം ലഭിക്കുന്നുണ്ട്.

(ഡി—എഫ്) കൂടുതലായി പൊതു ടാപ്പുകൾ അനുവദിക്കണമെന്ന് രേഖാമൂലം ഈ വകുപ്പിനോട് ആരുംതന്നെ ആവശ്യപ്പെട്ടിട്ടില്ല.

തൃത്താല വെള്ളിയാങ്കല്ല് പദ്ധതിയുടെ നിർമ്മാണം

41 [204] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃത്താല വെള്ളിയാങ്കല്ല് പദ്ധതിക്ക് ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly